# രക്ഷയുടെ പാതയിൽ



# സഭ ആരാധനാസമൂഹം


സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

൯

# ഉള്ളടക്കം

1. ദൈവാരാധന
2. അടയാളങ്ങളും പ്രതീകങ്ങളും
3. അടയാളങ്ങളും പ്രതീകങ്ങളും വിശുദ്ധകുർബാനയിൽ
4. വിശുദ്ധകുർബാന പരമോന്നത ആരാധന
5. വിശുദ്ധകുർബാന ആമുഖശുശ്രൂഷയും വചനശുശ്രൂഷയും
6. വിശുദ്ധകുർബാന ഒരുക്കശുശ്രൂഷയും അനാഫൊറയും
7. വിശുദ്ധകുർബാന ദൈവൈക്യശുശ്രൂഷയും സമാപനവും
8. ദൈവവചനവും ക്രൈസ്തവജീവിതവും
9. കൂദാശകളും ക്രൈസ്തവജീവിതവും
10. പ്രവേശക കൂദാശകൾ
11. സൗഖ്യദായക കൂദാശകൾ
12. തിരുപ്പട്ടം
13. വിവാഹം
14. ആരാധനാവൽസരവും ക്രൈസ്തവജീവിതവും
15. സമർപ്പിതജീവിതം

# പാഠം- 8



ദൈവവചനവും ക്രൈസ്തവജീവിതവും

# ദൈവവചനവും ക്രൈസ്തവജീവിതവും

1. ദൈവവചനത്തിന്റെ പ്രാധാന്യം.
2. ദൈവവചനം ക്രൈസ്തവജീവിതത്തിൽ.
3. ദൈവവചനവും ശിഷ്യത്വവും.
4. ദൈവവചനം മാനസാന്തരത്തിലേക്ക് നയിക്കുന്നു.
5. ദൈവവചനം അന്ധകാരം അകറ്റുന്നു.
6. ദൈവവചനം ജീവദായകം.

ദൈവവചനവും ക്രൈസ്തവജീവിതവും

# ദൈവവചനത്തിന്റെ പ്രാധാന്യം

- വിശുദ്ധ ഗ്രന്ഥം വഴി ദൈവം മനുഷ്യനോടു സംസാരിക്കുന്നു. ദൈവം ആരെന്നും നമ്മുടെ ജീവിതത്തിൽ അവിടുന്ന് രക്ഷാകര മായി ഇടപെടുന്നതെങ്ങനെയെന്നും എങ്ങനെ നമുക്ക് ദൈവ ത്തിൽ എത്തിച്ചേരാമെന്നുമുള്ള നിത്യസത്യങ്ങൾ വിശുദ്ധ ഗ്രന്ഥ ത്തിലൂടെ നാം ഗ്രഹിക്കുന്നു.
- നമ്മുടെ വിശ്വാസത്തിന്റെ കാതലായ ദൈവത്തിന്റെ ത്രിത്വര ഹസ്യം, മിശിഹാരഹസ്യം, കൂദാശകൾ, ഉത്ഥാനജീവിതം തുട ങ്ങിയ വിശ്വാസസത്യങ്ങളെല്ലാം ദൈവവചനത്തിലൂടെയാണ് നമുക്ക് വെളിപ്പെട്ടിട്ടുള്ളത്.

# ദൈവവചനം ക്രൈസ്തവജീവിതത്തിൽ

❖വിശ്വാസത്തോടും സ്നേഹത്തോടും പ്രാർത്ഥനയോടും കൂടി ദൈവവചനം ശ്രവിക്കുന്നവരിൽ ദൈവികജീവൻ കുടികൊള്ളും

ദൈവവചനവും ക്രൈസ്തവജീവിതവും

# ദൈവവചനവും ശിഷ്യത്വവും

- ഈശോയുടെ യഥാർത്ഥ ശിഷ്യരാകുവാൻ വചനത്തിലുള്ള നിലനിൽപ്പ് ആവശ്യമാണ്. മനുഷ്യനെക്കുറിച്ചുള്ള ദൈവഹിത മാണ് ദൈവവചനം.

# ദൈവവചനം മാനസാന്തരത്തിലേക്ക് നയിക്കുന്നു

❖ വചനത്താൽ മാനസാന്തരപ്പെട്ട ധാരാളം വ്യക്തികളെ വിശുദ്ധ ഗ്രന്ഥത്തിൽ നാം കണ്ടുമുട്ടുന്നുണ്ട്. സക്കേവൂസ് ഈശോയെ സ്വന്തം ഭവനത്തിലും ഹൃദയത്തിവും സ്വീകരിച്ചു. വചനമായ ദൈവത്തെ കണ്ടുമുട്ടിയപ്പോൾ പുതിയൊരു ജീവിതത്തിലേക്കു കടക്കാൻ സമറിയാക്കാരി സ്ത്രീക്കും സാധിച്ചു.

# ദൈവവചനം അന്ധകാരം അകറ്റുന്നു.

❖മുപ്പതു വർഷത്തോളം തെറ്റായ വഴിയിലൂടെ ജീവിച്ച ആഗസ്തീനോസിനെ മാനസാന്തരപ്പെടുത്തി നേരായ വഴിയിലേക്കു തിരിച്ചു വിട്ടത് ഈ ദൈവവചനമാണ്.

# ദൈവവചനം ജീവദായകം

- ദൈവത്തിന്റെ വചനം ജീവൻ നൽകുന്നതാണ്. മരിച്ചിട്ടു നാലു ദിവസമായിരുന്ന ലാസർ വചനത്തിന്റെ ശക്തിയാൽ ജീവിച്ചു (യോഹ.11:44). ജീവനറ്റു കട്ടിലിൽ കിടന്നിരുന്ന ജായ്റോസിന്റെ മകളിലേക്കു ദൈവത്തിന്റെ വചനം കടന്നു ചെന്നപ്പോൾ അവൾക്ക് ജീവൻ വച്ചു. ശവമഞ്ചത്തിൽ ജഡമായി വഹിക്കപ്പെട്ട വിധവയുടെ മകനും ദൈവവചനം ജീവൻ പകർന്നു (ലൂക്കാ7:14-15).

# ദൈവവചനം രക്ഷാദായകം

❖"രക്ഷയുടെ സദ്വാർത്തയായ സത്യത്തിന്റെ വചനം" എന്നാണ് വിശുദ്ധ പൗലോസ് ശ്ലീഹാ വചനത്തെ വിശേഷിപ്പിക്കുന്നത് (എഫേ. 1:13). വിശ്വസിക്കുന്നവർക്കെല്ലാം രക്ഷയ്ക്കുളള ദൈവികശക്തിയാണ് ദൈവവചനം.

❖വചനം ജീവിതസ്പർശിയാകുവാൻ ശ്രദ്ധിക്കേണ്ട ഏതാനും കാര്യ ങ്ങൾ ഉണ്ട്. പ്രാർത്ഥനാപൂർവ്വം ദൈവവചനം വായിക്കണം; അതുവഴി ഈശോ വ്യക്തിപരമായി നൽകുന്ന സന്ദേശമെന്തെന്നു മനസ്സിലാക്ക ണം. ദൈവവചനത്തിലൂടെ വെളിവാക്കപ്പെടുന്ന നമ്മിലെ കുറവുകൾ പരിഹരിക്കാനും തെറ്റുകൾ തിരുത്താനും നന്മകൾ ചെയ്യാനും തയ്യാറാ കണം. വചനത്തിന് സ്വന്തമായ വ്യാഖ്യാനം നൽകാതെ സഭ ആധികാ രികമായി നൽകുന്ന വ്യാഖ്യാനമാണ് നാം സ്വീകരിക്കേണ്ടത്. ദൈവ ഹിതം മനസ്സിലാക്കണമെന്ന ദാഹത്തോടെവേണം വചനം വായി ക്കാൻ.

ദൈവവചനവും ക്രൈസ്തവജീവിതവും

# എന്റെ തീരുമാനം

എല്ലാ ദിവസവും ഞാൻ ദൈവവചനം വായിക്കുകയും അതു നൽകുന്ന സന്ദേശം ഉൾകൊണ്ടു ജീവിക്കുകയും ചെയ്യും.


ദൈവവചനവും ക്രൈസ്തവജീവിതവും
ഓർമിക്കാൻ ഒരു തിരുവചനം
“നിങ്ങളോടു ഞാൻ പറഞ്ഞവാക്കുകൾ ആത്മാവും ജീവനുമാണ്” (യോഹ. 6:63)